## ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 25.01.2026**

## പ്രധാനവാർത്തകൾ

1. ന്യൂഡൽഹിയിൽ നടന്ന ദേശീയ സമ്മതിദായക ദിനാഘോഷങ്ങളിൽ രാഷ്ട്രപതി ദ്രൗപദി മുർമു പങ്കെടുത്തു. ആകാശവാണി വാർത്താ സേവന വിഭാഗത്തിനുൾപ്പെടെ മാധ്യമ പുരസ്ക്കാരം സമ്മാനിച്ചു.
2. സമ്മതിദായകർ ജനാധിപത്യത്തിന്റെ ആത്മാവാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. കന്നി വോട്ടവകാശം ആഘോഷിക്കപ്പെടേണ്ട ദിവസമെന്നും മൻ കി ബാത്തിൽ പരാമർശം.
3. ഉത്പന്നങ്ങളുടെ ഗുണനിലവാരത്തിന് ഊന്നൽ നൽകണമെന്ന് സ്റ്റാർട്ടപ്പ് മേഖലയോട് ആഹ്വാനം ചെയ്ത് പ്രധാനമന്ത്രി നരേന്ദ്ര മോദി.
4. 77-ാമത് റിപ്പബ്ലിക് ദിന ആഘോഷങ്ങൾക്ക് ഒരുങ്ങി രാജ്യം. ദിനാഘോഷത്തിന് മുന്നോടിയായി രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് രാഷ്ട്രത്തെ അഭിസംബോധന ചെയ്യും. രാജ്യമെങ്ങും സുരക്ഷ ശക്തം.
5. സംസ്ഥാനതല റിപ്പബ്ലിക് ദിനാഘോഷങ്ങൾക്ക് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ നാളെ തിരുവനന്തപുരത്ത് നേതൃത്വം നൽകും.
6. 2024-ലെ സംസ്ഥാന ചലച്ചിത്ര പുരസ്കാര വിതരണം ഇന്ന്. ജെ.സി ഡാനിയേൽ പുരസ്കാരം നടി ശാരദയ്ക്ക് സമ്മാനിക്കും.

&&&&&&&&&&&&&&&

RNU TVPM

<u>ദേശീയ സമ്മതിദായക ദിനം - രാഷ്ട്രപതി</u>

രാഷ്ട്ര നിർമാണത്തിൽ എല്ലാവരും ഉത്തരവാദിത്തത്തോടെ സമ്മതിദായക അവകാശം വിനിയോഗിക്കണമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ ന്യൂഡൽഹിയിൽ സംഘടിപ്പിച്ച പതിനാറാമത് ദേശീയ സമ്മതിദായക ദിനാഘോഷത്തിൽ സംസാരിക്കുകയായിരുന്നു രാഷ്ട്രപതി. തെരഞ്ഞെടുപ്പുകളിൽ സാങ്കേതികവിദ്യയുടെ കാര്യക്ഷമമായ ഉപയോഗത്തിനുള്ള പുരസ്കാരം കാസർഗോഡ് ജില്ലയ്ക്കും വോട്ടർ ബോധവത്കരണത്തിനുള്ള പുരസ്കാരം വയനാട് ജില്ലയ്ക്കും ചടങ്ങിൽ സമ്മാനിച്ചു. സമ്മതിദായകർക്കിടയിൽ അവബോധം വർധിപ്പിക്കുന്നതിന് നടത്തിയ മികച്ച പ്രചാരണ പരിപാടികൾക്ക് ആകാശവാണി വാർത്താ വിഭാഗത്തിന് ലഭിച്ച പുരസ്ക്കാരം ആകാശവാണി ഡയറക്ടർ ജനറൽ രാജീവ് കുമാർ ജെയിൻ രാഷ്ട്രപതിയിൽ നിന്ന് ഏറ്റുവാങ്ങി. "എൻറെ ഇന്ത്യ, എൻറെ വോട്ട്" എന്നതാണ് ഇത്തവണത്തെ ദേശീയ സമ്മതിദായക ദിന പ്രമേയം. രാജ്യത്തെ ജനങ്ങൾക്ക് ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്ര മോദി, കേന്ദ്ര മന്ത്രിമാർ ഉൾപ്പെടെ ആശംസകൾ നേർന്നു.

RNU TVPM

&&&&&&&&&&&&&&&&&&

<u>മൻ കി ബാത്ത്- സമ്മതിദായക ദിനം (ഇൻട്രോ)</u>

സമ്മതിദായകർ ജനാധിപത്യത്തിന്റെ ആത്മാവാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടിയായ മൻ കി ബാത്തിന്റെ നൂറ്റി മുപ്പതാം പതിപ്പിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പതിനെട്ട് വയസ്സ് തികയുമ്പോൾ തന്നെ വോട്ടർമാരായി രജിസ്റ്റർ ചെയ്യാൻ, യുവജനങ്ങളോട് പ്രധാനമന്ത്രി അഭ്യർത്ഥിച്ചു.

(ഹോൾഡ് വോയിസ്)

ഭരണഘടനാ ശിൽപികൾക്ക് ആദരമർപ്പിക്കാനുള്ള അവസരമാണ് റിപ്പബ്ലിക് ദിനമെന്നും പ്രധാനമന്ത്രി

പറഞ്ഞു. പൊതുജനപങ്കാളിത്തത്തിൻറെയും കൂട്ടായ്മയുടെയും മനോഭാവമാണ് രാജ്യത്തിൻറെ ഏറ്റവും വലിയ ശക്തിയെന്നും ശ്രീ നരേന്ദ്ര മോദി വ്യക്തമാക്കി.

&&&&&&&&&&&&&&&

**മൻ കി ബാത്ത് - ഭജൻ**

ഭജനയ്ക്ക് പുതുതലമുറയ്ക്കിടയിൽ സ്വീകാര്യത വർധിക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. 'ഭജൻ ക്ലബിങ്' ഉൾപ്പെടെയുള്ള പുത്തൻ രീതികളെ കുറിച്ചും അദ്ദേഹം പരാമർശിച്ചു. ജെൻ - സി തലമുറയ്ക്കിടയിൽ ഭജനകൾക്ക് പ്രചാരം ഏറുകയാണ്. ആധുനിക വേദികളിൽ, വ്യത്യസ്ത സംഗീത ശൈലികളിൽ ആണെങ്കിലും ആധ്യാത്മികതയുടെ അടിസ്ഥാന വികാരം ഭജനകളിൽ നിലനിൽക്കുന്നുവെന്നും പ്രധാനമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&

PNU TVPM

**മൻ കി ബാത്ത്- സ്റ്റാർട്ടപ്പ് (ഇൻട്രോ)**

സ്റ്റാർട്ടപ്പ് ഇന്ത്യ പദ്ധതിയുടെ പത്താം വാർഷികത്തെ കുറിച്ചും പ്രധാനമന്ത്രി മൻ കി ബാത്തിൽ പരാമർശിച്ചു. ലോകത്തിലെ മൂന്നാമത്തെ വലിയ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയായി രാജ്യം മാറിയതായും നിർമിതബുദ്ധി, ബഹിരാകാശം, ആണവോർജം തുടങ്ങി എല്ലാ മേഖലകളിലും ഇന്ത്യൻ സ്റ്റാർട്ടപ്പുകൾ സാന്നിധ്യം അറിയിച്ചതായും അദ്ദേഹം പറഞ്ഞു. ഉത്പന്നങ്ങളുടെയും സേവനങ്ങളുടെയും ഗുണനിലവാരത്തിന് ഊന്നൽ നൽകണമെന്ന് സ്റ്റാർട്ടപ് മേഖലയിൽ പ്രവർത്തിക്കുന്ന യുവജനങ്ങളോട് ശ്രീ. നരേന്ദ്രമോദി ആഹ്വാനം ചെയ്തു.

(ഹോൾഡ് വോയിസ്)

&&&&&&&&&&&&&&&

**മൻ കി ബാത്ത് - മില്ലറ്റ്**

രാജ്യത്തെ ജനങ്ങൾ ചെറുധാന്യങ്ങൾക്ക് നൽകുന്ന പ്രാധാന്യം ഏറെ സന്തോഷം പകരുന്നതായി പ്രധാനമന്ത്രി മൻ കി ബാത്തിൽ പറഞ്ഞു. ചെറുധാന്യങ്ങൾ കർഷകരുടെ വരുമാനവും, ജനങ്ങളുടെ ആരോഗ്യവും വർധിപ്പിക്കുന്നു. തമിഴ്നാട്ടിലെ

കല്ലക്കുറിച്ചിയിൽ 800 വനിതാ കർഷകരുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ചെറുധാന്യ ഭക്ഷ്യസംസ്കരണ സംരംഭത്തെക്കുറിച്ചും പ്രധാനമന്ത്രി പരാമർശിച്ചു.

&&&&&&&&&&&&&&&&

## മൻ കി ബാത്ത്- പരിസ്ഥിതി (ഇൻട്രോ)

സാമൂഹിക സേവനം, പരിസ്ഥിതി സംരക്ഷണം, സുസ്ഥിര ജീവിതം എന്നീ രംഗങ്ങളിൽ രാജ്യത്തിൻറെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള പ്രചോദനാത്മകമായ കഥകൾ പ്രധാനമന്ത്രി പങ്കുവച്ചു. അസം, ചെന്നൈ, ബെംഗളൂരു എന്നിവിടങ്ങളിൽ ശുചിത്വവുമായി ബന്ധപ്പെട്ട ജനകീയ പ്രവർത്തനങ്ങളെ കുറിച്ച് അദ്ദേഹം മൻ കി ബാത്തിൽ എടുത്തു പറഞ്ഞു. പരിസ്ഥിതി സംരക്ഷണത്തിൻറെ മനോഭാവം രാജ്യത്ത് വ്യാപകമായി കാണാനാകുന്നുണ്ടെന്ന് പ്രധാനമന്ത്രി പറഞ്ഞു. അമ്മയുടെ പേരിൽ വൃക്ഷതൈകൾ നടുന്ന 'ഏക് പേട് മാം കെ നാം' പ്രചാരണത്തിന് കീഴിൽ ഇരുനൂറ് കോടിയിലധികം വൃക്ഷതൈകൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്.

(ഹോൾഡ് വോയിസ്)

അടുത്ത മാസം നടക്കാനിരിക്കുന്ന ഇന്ത്യ എ ഐ ഇംപാക്ട് ഉച്ചകോടി, നിർമിത ബുദ്ധി രംഗത്ത് രാജ്യം കൈവരിച്ച നേട്ടങ്ങൾ ഉയർത്തിക്കാട്ടുമെന്ന് പരാമർശിച്ചു കൊണ്ടാണ് മൻ കി ബാത്തിൻറെ 130 -ാാം പതിപ്പ് പ്രധാനമന്ത്രി ഉപസംഹരിച്ചത്.

&&&&&&&&&&&&&&&&

## രാഷ്ട്രപതി - അഭിസംബോധന

77-ാമത് റിപ്പബ്ലിക് ദിനത്തിന് മുന്നോടിയായി രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് രാഷ്ട്രത്തെ അഭിസംബോധന ചെയ്യും. രാത്രി 7 മുതൽ ആകാശവാണിയുടെ ദേശീയ ശൃംഖലകളിലൂടെയും ദൂരദർശന്റെ എല്ലാ ചാനലുകളിലൂടെയും പരിപാടി പ്രക്ഷേപണം ചെയ്യും. ഹിന്ദിയിലും തുടർന്ന് ഇംഗ്ലീഷിലുമായിരിക്കും രാഷ്ട്രപതിയുടെ അഭിസംബോധന. ആകാശവാണിയുടെ

RNU TVPM

പ്രാദേശിക ശൃംഖലകളിലൂടെ രാത്രി 9.30 മുതൽ പ്രസംഗം പ്രാദേശിക ഭാഷകളിൽ കേൾക്കാം.

&&&&&&&&&&&&&&&&&

<u>റിപ്പബ്ലിക് ദിന ആഘോഷങ്ങൾ (ഇൻട്രോ)</u>

റിപ്പബ്ലിക് ദിന ആഘോഷങ്ങൾക്ക് ഒരുങ്ങി രാജ്യം.

ന്യൂഡൽഹിയിലും രാജ്യമെമ്പാടും സുരക്ഷ ശക്തമാക്കി.

**ഒരു റിപ്പോർട്ട്....**

(വോയിസ്)

&&&&&&&&&&&&&&&&&

<u>റിപ്പബ്ലിക് ദിന ആഘോഷങ്ങൾ (വോയ്സ്)</u>

കർത്തവ്യപഥിൽ നാളെ നടക്കുന്ന റിപ്പബ്ലിക് ദിന പരേഡിനുള്ള ഒരുക്കങ്ങൾ പൂർത്തിയായി വരുന്നു. പരേഡിൽ രാഷ്ട്രപതി ദ്രൗപദി മുർമു അഭിവാദ്യം സ്വീകരിക്കും. യൂറോപ്യൻ കൗൺസിൽ പ്രസിഡൻറ് അന്റോണിയോ കോസ്റ്റയും യൂറോപ്യൻ കമ്മീഷൻ പ്രസിഡൻറ് ഉർസുല വോൺ ഡെർ ലെയ്നുമാണ് ഈ വർഷത്തെ മുഖ്യാതിഥികൾ. രാജ്യത്തിന്റെ സാംസ്കാരിക - സൈനിക ശക്തി, പൈതൃകം തുടങ്ങിയവ വിളിച്ചോതുന്ന സവിശേഷമായ ദൃശ്യവിരുന്നിനാകും കർത്തവ്യപഥ് നാളെ സാക്ഷ്യം വഹിക്കുക. വന്ദേമാതരത്തിൻ്റെ 150 വർഷം എന്നതാണ് ഇത്തവണത്തെ പരേഡിൻ്റെ പ്രമേയം. പരേഡിൽ 17 സംസ്ഥാനങ്ങളുടെ നിശ്ചല ദൃശ്യവും അരങ്ങേറും. സംസ്ഥാനത്ത് റിപ്പബ്ലിക് ദിനാഘോഷവുമായി ബന്ധപ്പെട്ട് തിരുവനന്തപുരത്ത് നാളെ രാവിലെ 9 ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ദേശീയ പതാക ഉയർത്തും. ജില്ലാ ആസ്ഥാനങ്ങളിൽ മന്ത്രിമാർ പതാക ഉയർത്തി അഭിവാദ്യം സ്വീകരിക്കും.

ന്യൂസ് ഡെസ്ക്, ആകാശവാണി....

&&&&&&&&&&&&&&&&&

<u>പോലീസ് പുരസ്കാരം</u>

റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ച് പോലീസ്, അഗ്നിരക്ഷാ സേന, ഹോം ഗാർഡ്, സിവിൽ ഡിഫൻസ്, കറക്ഷണൽ സർവീസസ്

RNUTVPM

വിഭാഗങ്ങളിലെ 982 ഉദ്യോഗസ്ഥർക്ക്  വിശിഷ്ട സേവനത്തിനും ധീരതയ്ക്കുമുള്ള പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു . 125 പേർക്കാണ് ധീരതാ പുരസ്കാരങ്ങൾ. വിശിഷ്ട സേവനത്തിനുള്ള രാഷ്ട്രപതിയുടെ പുരസ്കാരത്തിന് കേരളത്തിൽ നിന്ന് രണ്ട് പേർ അർഹരായി . മികച്ച സേവനത്തിനുള്ള പുരസ്കാരം കേരള  പോലീസ് സേനയിൽ നിന്നും 10 പേരും അഗ്നിരക്ഷാ സേനയിൽ നിന്ന് 3 പേരും കറക്ഷണൽ സർവീസിൽ നിന്നും 4 പേരും നേടി.

&&&&&&&&&&&&&&&

## റിപ്പബ്ലിക് ദിനം - ബാൻഡ് മേളം

റിപ്പബ്ലിക് ദിനാഘോഷത്തിൻ്റെ ഭാഗമായി പാങ്ങോട് മിലിട്ടറി സ്റ്റേഷൻ, ശ്രീപദ്മനാഭ സ്വാമി ക്ഷേത്രത്തിലെ കിഴക്കേ നടയിൽ പൈപ്പ് ബാൻഡ് മേളം സംഘടിപ്പിക്കും. ഇന്ന് വൈകിട്ട് അഞ്ചു മുതൽ ആറ് വരെയാണ് പരിപാടി. സാമൂഹിക സാംസ്കാരിക രംഗത്തെ പ്രമുഖർ മേളത്തിന് സാക്ഷികളാകും. വന്ദേമാതരം എന്ന പ്രമേയത്തിലാണ് ബാൻഡ് മേളം സംഘടിപ്പിക്കുന്നത്.

&&&&&&&&&&&&&&&

PRD TVPM

## ഗവർണർ - റാലി

ദേശീയ സമ്മതിദായക ദിനത്തോടനുബന്ധിച്ച് മൈ ഭാരതും സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യയും സംയുക്തമായി തിരുവനന്തപുരത്ത് സംഘടിപ്പിച്ച സൈക്കിൾ റാലിയും പദയാത്രയും ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ഫ്ലാഗ് ഓഫ് ചെയ്തു. കവടിയാറിലെ സ്വാമി വിവേകാനന്ദന്റെ പ്രതിമയിൽ അദ്ദേഹം  പുഷ്പാർച്ചന നടത്തി. തുടർന്ന് നടന്ന ചടങ്ങിൽ ഗവർണർ കന്നി വോട്ടർമാരെ ആദരിച്ചു. എല്ലാ തിരഞ്ഞെടുപ്പുകളിലും വോട്ട് രേഖപ്പെടുത്തുമെന്ന് വോട്ടർമാർ ദൃഢനിശ്ചയം എടുക്കണമെന്ന് ഗവർണർ പറഞ്ഞു.

&&&&&&&&&&&&&&&

## സൈക്കിൾ റാലി - മലപ്പുറം

സമ്മതിദായക അവകാശത്തിൻ്റെ പ്രാധാന്യം ഓർമപ്പെടുത്തി മലപ്പുറത്ത് നടന്ന സൈക്കിൾ യാത്ര ശ്രദ്ധേയമായി. മലപ്പുറം ജില്ലാ തെരഞ്ഞെടുപ്പ് വിഭാഗം സൈക്ലിങ് ക്ലബ്ബുകളുടെ സഹകരണത്തോടെ 'സൺഡേയ്സ് ഓൺ സൈക്കിൾ' എന്ന പേരിലാണ് യാത്ര സംഘടിപ്പിച്ചത്.

&&&&&&&&&&&&&&&

## ചലച്ചിത്ര പുരസ്കാരങ്ങൾ - മുഖ്യമന്ത്രി

2024-ലെ കേരള സംസ്ഥാന ചലച്ചിത്ര പുരസ്കാരങ്ങൾ ഇന്ന് സമ്മാനിക്കും. വൈകിട്ട് തിരുവനന്തപുരം നിശാഗന്ധി ഓഡിറ്റോറിയത്തിൽ നടക്കുന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ അവാർഡുകൾ വിതരണം ചെയ്യും. കേരള സർക്കാരിൻറെ പരമോന്നത ചലച്ചിത്ര ബഹുമതിയായ ജെ.സി ഡാനിയേൽ പുരസ്കാരം നടി ശാരദ, മുഖ്യമന്ത്രിയിൽനിന്ന് ഏറ്റുവാങ്ങും.

RNU TVPM

&&&&&&&&&&&&&&&

## മുഖ്യതെരഞ്ഞെടുപ്പ് കമ്മീഷണർ - എസ്.ഐ.ആർ

സംശുദ്ധ വോട്ടർ പട്ടിക ജനാധിപത്യത്തിന്റെ അടിത്തറയാണെന്ന് മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ. യോഗ്യരായ എല്ലാവരെയും വോട്ടർ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും, അയോഗ്യരെ നീക്കം ചെയ്യുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനുമാണ് വോട്ടർ പട്ടികയുടെ പ്രത്യേക തീവ്ര പരിഷ്കരണം ആരംഭിച്ചതെന്നും അദ്ദേഹം അറിയിച്ചു. അതെസമയം, സംസ്ഥാനത്ത് തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണവുമായി ബന്ധപ്പെട്ട പരാതികൾ ഈ മാസം 30 വരെ സമർപ്പിക്കാം.

&&&&&&&&&&&&&&&

## അന്താരാഷ്ട്ര നാടകോത്സവം - 2026

കേരള സംഗീത നാടക അക്കാദമി സംഘടിപ്പിക്കുന്ന പതിനാറാമത് അന്താരാഷ്ട്ര നാടകോത്സവത്തിന് ഇന്ന് തൃശ്ശൂരിൽ അരങ്ങ് ഉണരും. മന്ത്രി കെ.രാജൻ ഉദ്ഘാടനം ചെയ്യും. അർജെന്റീനയിൽ നിന്നുള്ള നാടകമായ

ഫ്രാങ്കെൻസ്റ്റൈൻ പ്രൊജക്ട് - വൈകിട്ട് അരങ്ങേറുന്നതോടെ നാടകോത്സവത്തിന് ഔദ്യോഗികമായി തുടക്കമാകും.

**&&&&&&&&&&&&&&&&**

**<u>മഹാമാഘ മഹോത്സവം</u>**

തിരുനാവായ മഹാമാഘ മഹോത്സവത്തിന്റെ ഭാഗമായി, പ്രത്യേക യോഗാചരണം ഇന്ന് നടക്കും. ഇന്ത്യൻ യോഗ അസോസിയേഷൻറെ നേതൃത്വത്തിൽ 1,008 യോഗികൾ ചേർന്ന് 108 സൂര്യനമസ്കാരം നടത്തുന്ന പരിപാടി നിളാനദിയിലെ ആരതി ഘാട്ടിൽ ഇന്ന് വൈകിട്ട് നടക്കും.

**&&&&&&&&&&&&&&&**

**&&&&&&&&&&&&&**

**&&&&&&&&&&&**

RNU TVPM